**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2791** **03-08-2021 - ൽ മറുപടിയ്ക്ക്**

**മങ്കടയിൽ ചെറുപുഴയിലെ ആർ. ഐ. ഡി. എഫ്. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിൽ ചെറുപുഴയിൽ ആർ. ഐ. ഡി. എഫ്. XXI പദ്ധതിയിലുൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ( കെ. എൽ. ഡി. സി. ) വഴി നടപ്പിലാക്കുന്ന ജല, മണ്ണ് സംരക്ഷണ പദ്ധതികൾ ഓരോന്നിന്റെയും നിലവിലത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | മങ്കട നിയോജക മണ്ഡലത്തിലെ ചെറുപുഴയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നബാർഡ് RIDF-XXI-ൽ 10 കോടി രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിയിൽ അഞ്ച് ചെക്ക് ഡാമുകളുടെ നിർമ്മാണവും ഒരു VCB cum bridge-ന്റെ പ്രവൃത്തിയും ഉൾപ്പെടുന്നു. ആയതിൽ നാല് ചെക്ക് ഡാമുകളുടെ പ്രവൃത്തി പൂർത്തീകരിച്ചു. അഞ്ചാമത്തെ ചെക്ക് ഡാമിന്റെ നിർമ്മാണം നടത്തുന്നതിന് ഉദ്ദേശിച്ച സ്ഥലത്തിന് താഴെയായി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പുതിയ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിച്ചതിനാൽ പ്രസ്തുത ചെക്ക് ഡാമിന്റെ നിർമ്മാണം നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത പ്രോജക്ടിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. കൂടാതെ പ്രസ്തുത പ്രോജക്ടിലെ പൂർത്തീകരിച്ച പ്രവൃത്തികളുടെ സേവിംഗ്സിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി പുതുച്ചിറ കടവിൽ താഴെയായി പുതിയ ഒരു ചെക്ക് ഡാമിന്റെ നിർമ്മാണത്തിന് ടെണ്ടർ നടപടി പൂർത്തീകരിച്ച് നിർമ്മാണത്തിനായുള്ള നടപടികൾ കെ.എൽ.ഡി.സി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രദേശത്ത് തന്നെയുള്ള ഉടുമ്പനാശേരി വി. സി. ബി. കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് കെ. എൽ. ഡി. സി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ഉടുമ്പനാശ്ശേരി വിസിബി കം ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. |
| (സി) | ഈ പദ്ധതി പ്രദേശത്തെ ജല, മണ്ണ് സംരക്ഷണ പദ്ധതികൾ ഫലപ്രദമാകണമെങ്കിൽ ഉടുമ്പനാശേരി വി.സി.ബി കംബ്രിഡ്ജ്, ചെറുപുഴയിൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ താഴെയും മുകളിലും മണ്ണും മണലും നീക്കംചെയ്യൽ, ചെറുപുഴയുടെ പാർശ്വ സംരക്ഷണ ഭിത്തി നിർമ്മാണം, കട്ടുങ്ങത്ത് ആനക്കുണ്ട് ഭാഗത്തെ | (സി) | ചെറുപുഴ തോടിലെ 10 കോടി രൂപ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ ഉണ്ടാകുന്ന സേവിംഗ്സ് തുക ഉപയോഗപ്പെടുത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാവുന്നതും ഏറ്റവും പ്രാധാന്യമുള്ളതുമായ പദ്ധതികൾ ഏതൊക്കെയെന്ന് കണ്ടെത്തി 2.71 കോടി രൂപയുടെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, |

| | | | |
|---|---|---|---|
| | പുഴയോരം ഇടിഞ്ഞ ഭാഗം കെട്ടി സംരക്ഷിക്കൽ എന്നീ പ്രവൃത്തികൾ കൂടി ഏറ്റെടുക്കേണ്ടതുണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | കെ.എൽ.ഡി.സി തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ കോതറപ്പുഴ കടവിന്റെ ആഴം വർദ്ധിപ്പിക്കലും പാർശ്വഭിത്തി നിർമ്മാണവും, നാറാത്ത്കടവ്, കട്ടംങപുറത്തിനടുത്തുള്ള പൂലകുണ്ട്പാലം, ചെറുപുഴ ചൊവ്വന റഗുലേറ്റർ കം ബ്രിഡ്ജ് തുടങ്ങിയ ഇടങ്ങളിൽ മുകളിലും താഴെയുമായുള്ള ആഴം വർദ്ധിപ്പിക്കലും പാർശ്വഭിത്തി നിർമ്മാണവും, തട്ടാർമണ്ണയുടെ പാർശ്വഭിത്തി നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുന്നു. |
| (ഡി) | എങ്കിൽ കെ. എൽ. ഡി. സി. നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രവൃത്തികൾ കൂടി ഏറ്റെടുക്കുന്നതിനാവശ്യമായ നിർദേശം നൽകുമോ? | (ഡി) | ചെറുപുഴ തോടിലെ 10 കോടി രൂപ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ ഉണ്ടാകുന്ന സേവിംഗ്സ് തുക ഉപയോഗപ്പെടുത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാവുന്നതും ഏറ്റവും പ്രാധാന്യമുള്ളതുമായ പദ്ധതികൾ ഏതൊക്കെയെന്ന് കണ്ടെത്തി 2.71കോടി രൂപയുടെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, കെ.എൽ.ഡി.സി തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ കോതറപ്പുഴ കടവിന്റെ ആഴം വർദ്ധിപ്പിക്കലും പാർശ്വഭിത്തി നിർമ്മാണവും, നാറാത്ത്കടവ്, കട്ടംങപുറത്തിനടുത്തുള്ള പൂലകുണ്ട്പാലം, ചെറുപുഴ ചൊവ്വന റഗുലേറ്റർ കം ബ്രിഡ്ജ് തുടങ്ങിയ ഇടങ്ങളിൽ മുകളിലും താഴെയുമായുള്ള ആഴം വർദ്ധിപ്പിക്കലും പാർശ്വഭിത്തി നിർമ്മാണവും, തട്ടാർമണ്ണയുടെ പാർശ്വഭിത്തി നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ